**15 -ാം കേരള നിയമസഭ**

**9 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2252** **13-09-2023 - ൽ മറുപടിയ്ക്ക്**

**അന്യസംസ്ഥാന തൊഴിലാളികൾ പ്രതികളായ ക്രിമിനൽ കേസുകൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ | | ശ്രീ. പിണറായി വിജയൻ<br>(മുഖ്യമന്ത്രി) | |
| (എ) | 2016 മുതൽ നാളിതുവരെ അന്യസംസ്ഥാന തൊഴിലാളികൾ പ്രതികളായ ക്രിമിനൽ കേസുകളുടെ എണ്ണം എത്രയെന്ന് വർഷം തിരിച്ച് വിവരം ലഭ്യമാക്കാമോ; | (എ) | അനുബന്ധമായി ചേർക്കുന്നു. |
| (ബി) | ആയതിൽ കൊലക്കേസുകൾ, സ്ത്രീകൾക്കും കുട്ടികൾക്കും എതിരെയുള്ള അതിക്രമങ്ങളുടെ കേസുകൾ എന്നിവ എത്ര വീതമാണെന്ന് വിശദമാക്കുമോ; | (ബി) | 2023 ആഗസ്റ്റ് 8 വരെ യഥാക്രമം 161, 834 എന്നിങ്ങനെയാണ്. |
| (സി) | അന്യസംസ്ഥാന തൊഴിലാളികൾ പ്രതികളായ ആക്രമണങ്ങൾ വർദ്ധിച്ചുവരുന്നത് തടയാൻ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; വ്യക്തമാക്കുമോ; | (സി) | ഇതര സംസ്ഥാനങ്ങളിൽ നിന്നും മതിയായ രേഖകളില്ലാതെ കേരളത്തിൽ എത്തി ജോലി നോക്കുന്ന ക്രിമിനൽ പശ്ചാത്തലമുള്ള അതിഥി തൊഴിലാളികളെ കണ്ടെത്തുന്നതിനും അവരെ കർശനമായി നിരീക്ഷിക്കുന്നതിനും ആവശ്യമായ നിർദ്ദേശം നൽകിയിട്ടുണ്ട്.<br><br>ഇത്തരം കുറ്റകൃത്യങ്ങൾ റിപ്പോർട്ടായാലുടൻ കേസ് രജിസ്റ്റർ ചെയ്ത് വളരെ വേഗം പ്രതിയെ കണ്ടെത്തുന്നതിനും ശാസ്ത്രീയ തെളിവുകൾപ്പെടെ അതിവേഗം ശേഖരിച്ച് പരമാവധി ശിക്ഷ ലഭിക്കത്തക്ക വിധം അന്വേഷണം നടത്തി 60 ദിവസത്തിനുള്ളിൽ കുറ്റപത്രം കോടതിയിൽ സമർപ്പിക്കുന്നതിനുമുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. സർക്കാർ കൂടുതൽ POCSO കോടതികൾ സ്ഥാപിച്ചതു വഴി POCSO കേസുകളുടെ വിചാരണ അതിവേഗം പൂർത്തിയാക്കുവാൻ സാധിച്ചിട്ടുണ്ട്.<br><br>മതിയായ രേഖകളില്ലാതെ കേരളത്തിൽ താമസിച്ച് ജോലി നോക്കുന്ന ക്രിമിനൽ പശ്ചാത്തലമുള്ള അതിഥി തൊഴിലാളികളെ കണ്ടെത്തി അവരെ നിരീക്ഷിക്കുന്നതിനു പുറമെ, അത്തരം തൊഴിലാളികളുടെ വിവര ശേഖരണം പോലീസ് സ്റ്റേഷനുകൾ വഴി നടത്തി വരുന്നുമുണ്ട്. സംസ്ഥാനത്തുള്ള ഇതര സംസ്ഥാന |

| | | | |
|---|---|---|---|
| | | | തൊഴിലാളികളുടെ അപ്ഡേറ്റ് ചെയ്ത വിവരങ്ങൾ ശേഖരിച്ച് ഡിജിറ്റൽ രൂപത്തിലാക്കി സൂക്ഷിക്കുന്നതിന് സോണൽ ഐ.ജിമാർ, റേഞ്ച് ഡി.ഐ.ജി മാർ, ജില്ലാ പോലീസ് മേധാവിമാർ എന്നിവർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. അപ്രകാരമുള്ള നടപടി ക്രമങ്ങൾ ത്വരിതഗതിയിൽ പുരോഗമിച്ചു വരികയുമാണ്.<br><br>ജനമൈത്രി പോലീസ് ഉദ്യോഗസ്ഥർ റസിഡൻസ് അസോസിയേഷനുമായി സഹകരിച്ച് അപരിചിതരായ ആൾക്കാരുടെ പ്രവർത്തനങ്ങൾ നിരീക്ഷിച്ച്, സംശയാസ്പദമായി കാണുന്നവരെക്കുറിച്ചുള്ള വിവരങ്ങൾ പോലീസിനെ അറിയിക്കുന്നതിന് നിർദ്ദേശം നൽകുന്നുണ്ട്. ഇതിനുപുറമെ Student Police Cadet, Special Protection Group എന്നിവരുടെ സഹകരണത്തോടെ സ്കൂളുകളിലും പരിസരപ്രദേശങ്ങളിലും കുട്ടികൾക്ക് ആവശ്യമായ സുരക്ഷ ഉറപ്പാക്കുന്നതിനുമുള്ള നടപടികളും, റസിഡൻഷ്യൽ ഏര്യകളിൽ കുട്ടികൾ അപരിചിതരുമായി സഹകരിക്കുന്നത് ഒഴിവാക്കുന്നതിനുള്ള ബോധവത്കരണവും നടത്തി വരുന്നു. |
| (ഡി) | അന്യസംസ്ഥാന തൊഴിലാളികളുടെ വിവരങ്ങൾ അടങ്ങിയ രജിസ്റ്ററുകൾ പോലീസ് സ്റ്റേഷനുകളിൽ സൂക്ഷിക്കുന്നുണ്ടോ; വിശദമാക്കുമോ? | (ഡി) | ഇതര സംസ്ഥാനങ്ങളിൽ നിന്നും മതിയായ രേഖകളില്ലാതെ കേരളത്തിൽ എത്തി ജോലി നോക്കുന്ന ക്രിമിനൽ പശ്ചാത്തലമുള്ള അതിഥി തൊഴിലാളികളെ കണ്ടെത്തുന്നതിനും അവരെ കർശനമായി നിരീക്ഷിക്കുന്നതിനും ആവശ്യമായ നിർദ്ദേശം നൽകിയിട്ടുണ്ട്.<br><br>ഇത്തരം കുറ്റകൃത്യങ്ങൾ റിപ്പോർട്ടായാലുടൻ കേസ് രജിസ്റ്റർ ചെയ്ത് വളരെ വേഗം പ്രതിയെ കണ്ടെത്തുന്നതിനും ശാസ്ത്രീയ തെളിവുകളുൾപ്പെടെ അതിവേഗം ശേഖരിച്ച് പരമാവധി ശിക്ഷ ലഭിക്കത്തക്ക വിധം അന്വേഷണം നടത്തി 60 ദിവസത്തിനുള്ളിൽ കുറ്റപത്രം കോടതിയിൽ സമർപ്പിക്കുന്നതിനുമുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. സർക്കാർ കൂടുതൽ POCSO കോടതികൾ സ്ഥാപിച്ചതു വഴി POCSO കേസുകളുടെ വിചാരണ അതിവേഗം പൂർത്തിയാക്കുവാൻ സാധിച്ചിട്ടുണ്ട്.<br><br>മതിയായ രേഖകളില്ലാതെ കേരളത്തിൽ താമസിച്ച് ജോലി നോക്കുന്ന ക്രിമിനൽ പശ്ചാത്തലമുള്ള അതിഥി തൊഴിലാളികളെ കണ്ടെത്തി അവരെ നിരീക്ഷിക്കുന്നതിനു പുറമെ, അത്തരം തൊഴിലാളികളുടെ വിവര ശേഖരണം പോലീസ് സ്റ്റേഷനുകൾ വഴി നടത്തി വരുന്നുമുണ്ട്. സംസ്ഥാനത്തുള്ള ഇതര സംസ്ഥാന |

| | | | |
|---|---|---|---|
| | | | തൊഴിലാളികളുടെ അപ്ഡേറ്റ് ചെയ്ത വിവരങ്ങൾ ശേഖരിച്ച് ഡിജിറ്റൽ രൂപത്തിലാക്കി സൂക്ഷിക്കുന്നതിന് സോണൽ ഐ.ജിമാർ, റേഞ്ച് ഡി.ഐ.ജി മാർ, ജില്ലാ പോലീസ് മേധാവിമാർ എന്നിവർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. അപ്രകാരമുള്ള നടപടി ക്രമങ്ങൾ ത്വരിതഗതിയിൽ പുരോഗമിച്ചു വരികയുമാണ്.<br><br>ജനമൈത്രി പോലീസ് ഉദ്യോഗസ്ഥർ റസിഡൻസ് അസോസിയേഷനുമായി സഹകരിച്ച് അപരിചിതരായ ആൾക്കാരുടെ പ്രവർത്തനങ്ങൾ നിരീക്ഷിച്ച്, സംശയാസ്പദമായി കാണുന്നവരെക്കുറിച്ചുള്ള വിവരങ്ങൾ പോലീസിനെ അറിയിക്കുന്നതിന് നിർദ്ദേശം നൽകുന്നുണ്ട്. ഇതിനുപുറമെ Student Police Cadet, Special Protection Group എന്നിവരുടെ സഹകരണത്തോടെ സ്കൂളുകളിലും പരിസരപ്രദേശങ്ങളിലും കുട്ടികൾക്ക് ആവശ്യമായ സുരക്ഷ ഉറപ്പാക്കുന്നതിനുമുള്ള നടപടികളും, റസിഡൻഷ്യൽ ഏര്യകളിൽ കുട്ടികൾ അപരിചിതരുമായി സഹകരിക്കുന്നത് ഒഴിവാക്കുന്നതിനുള്ള ബോധവത്കരണവും നടത്തി വരുന്നു. |

സെക്ഷൻ ഓഫീസർ

**അനുബന്ധം**

| | |
|---|---|
| 2016 | 575 |
| 2017 | 712 |
| 2018 | 697 |
| 2019 | 964 |
| 2020 | 521 |
| 2021 | 641 |
| 2022 | 1348 |
| 2023 (ആഗസ്റ്റ് 23 വരെ) | 1336 |

സെക്ഷൻ ഓഫീസർ